(സി) ഹരിയാന സംസ്ഥാനത്തിലെ സിർസ ജില്ലയിലുള്ള 'ദേര സച്ച സൗദ സിർസ'എന്ന സ്ഥാപനത്തിന്റെ മുഖ്യൻ ഹിസ് ഹോളിനെസ്സ് ഹുസൂർ മഹാരാജ് സന്ത് ഗുർമീത് റാം റഹീം സിംഗ് ജി ഇൻസാൻ എന്ന ഇസെഡ് പ്ലസ് കാറ്റഗറി സുരക്ഷയുള്ള ആത്മീയനേതാവും സംഘവും 8-6-2014 മുതൽ ഇടുക്കി ജില്ലയിലെ വാഗമൺ എന്ന പ്രദേശത്ത് താമസിച്ചുവരുന്നുണ്ട്.

(ഡി) ഹിസ് ഹോളിനെസ്സ് ഹുസൂർ മഹാരാജ് സന്ത് ഗുർമീത് റാം റഹീം സിംഗ് ജി ഇൻസാൻ എന്ന ഇസെഡ് പ്ലസ് കാറ്റഗറി സുരക്ഷയുള്ള ആത്മീയ നേതാവിന്റെയും സംഘത്തിന്റെയും സന്ദർശനവേളകളിലെ പ്രവർത്തനങ്ങൾ അതതു ജില്ലാ പോലീസ് പൊതുവായി നിരീക്ഷിക്കുന്നുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ കേരളത്തിൽ കാസർഗോഡ് ജില്ലയിലെ ബേക്കലിലുള്ള ലളിത് റിസോർട്ട് & സ്പാ, വയനാട് ജില്ലയിലെ വൈത്തിരി റിസോർട്ട്, കല്പറ്റയിലുള്ള വിന്റ് ഫ്ളവർ ഹോട്ടൽ, മലപ്പുറം ജില്ലയിലെ കടവ് റിസോർട്ട്, ഫ്ളോറ ഹോട്ടൽ, ഇടുക്കി ജില്ലയിലെ മൂന്നാർ, വാഗമൺ തുടങ്ങിയ സ്ഥലങ്ങളിലുള്ള റിസോർട്ടുകൾ, കോട്ടയം ജില്ലയിലെ കുമരകത്തുള്ള സൂരി റിസോർട്ട്, വിന്റർവാലി ഹോട്ടൽ കോട്ടയം, ആലപ്പുഴ ജില്ലയിലുള്ള കാർണോസ്റ്റി ബീച്ച് റിസോർട്ട്, ആയുർവേദ സ്പാ, പുന്നമട ഹൗസ് ബോട്ട്, വസുന്ധര സരോവർ ഹോട്ടൽ, തിരുവനന്തപുരം ജില്ലയിലെ പുളിങ്കുടിയിലുള്ള നിരാമയ റിട്രീറ്റ്സ്, കോവളം താജ് ഹോട്ടൽ, കോവളം ലീല ഹോട്ടൽ എന്നിവിടങ്ങളിൽ ഹിസ് ഹോളിനെസ്സ് ഹുസൂർ മഹാരാജ് സന്ത് ഗുർമീത് റാം റഹീം സിംഗ് ജി ഇൻസാൻ എന്ന ആത്മീയനേതാവും സംഘവും സന്ദർശനവേളകളിൽ താമസിച്ചിരുന്നതായി അറിവായിട്ടുണ്ട്. ഇസെഡ് പ്ലസ് കാറ്റഗറി സുരക്ഷയുള്ള അന്യസംസ്ഥാന മതനേതാക്കൾ/ആത്മീയ നേതാക്കൾ കേരളത്തിൽ എവിടെയെങ്കിലും ആശ്രമം സ്ഥാപിച്ചതായി അറിവ് ലഭിച്ചിട്ടില്ല.

(ഇ) ഹിസ് ഹോളിനെസ്സ് ഹുസൂർ മഹാരാജ് സന്ത് ഗുർമീത് റാം റഹീം സിംഗ് ജി ഇൻസാൻ എന്ന ഇസെഡ് പ്ലസ് കാറ്റഗറി സുരക്ഷയുള്ള ആത്മീയ നേതാവിന്റെയും സംഘത്തിന്റെയും സന്ദർശനവേളകളിൽ അവർ ഭൂമി വാങ്ങുന്നത് സംബന്ധിച്ച് അന്വേഷണങ്ങൾ നടത്തിയതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് എവിടെയെങ്കിലും ഭൂമി വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### ഫെയർ പ്രാക്ടീസ് കോഡ് നടപ്പാക്കാത്ത ധനകാര്യ സ്ഥാപനങ്ങൾ

150 (5080) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫെയർ പ്രാക്ടീസ് കോഡ് നടപ്പാക്കാത്ത ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ബി) റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം വൻകിട ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബ്ലേഡ് മാഫിയക്കാരെ തഴച്ച് വളരാൻ പ്രേരിപ്പിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ നിയന്ത്രിക്കാൻ പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) പ്രവർത്തിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുള്ളതും രണ്ട് സ്ഥാപനങ്ങൾ ഇത്തരം നിയമങ്ങൾക്ക് വിപരീതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുള്ളതുമാണ്.

(ബി) പരിശോധനയിൽ നിയമ വ്യവസ്ഥകൾക്ക് എതിരായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(സി) പ്രത്യേക നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

ഓപ്പറേഷൻ കുബേര- യിൽപ്പെടുത്തി ചാർജ്ജുചെയ്ത കേസ്സുകൾ

151 (5081) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഓപ്പറേഷൻ കുബേര'-യിൽപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ എത്ര കേസ്സുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) നാട്ടിക മണ്ഡലത്തിൽ ഉൾപ്പെടുന്ന പോലീസ് സ്റ്റേഷൻ പരിധിയിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് പരസ്യമായും രഹസ്യമായും നിയമാനുസൃതമായും അല്ലാതെയും പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളെയും ബ്ലേഡ് പലിശയ്ക്ക് പണം വായ്പ കൊടുക്കുന്ന വ്യക്തികളെയും വേർതിരിച്ച് പരസ്യ വിജ്ഞാപനം നൽകുന്നതിന് പോലീസ് ഉദ്യോഗസ്ഥരുടെ സംഘത്തെ പ്രത്യേകമായി നിയോഗിക്കുമോ ?

ഉത്തരം

(എ) 'ഓപ്പറേഷൻ കുബേര' യിൽപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ 108 കേസ്സുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) നാട്ടിക മണ്ഡലത്തിൽ ഉൾപ്പെടുന്ന പോലീസ് സ്റ്റേഷൻ പരിധിയിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി 11 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

രജിസ്ട്രേഷനില്ലാത്ത ചിട്ടി സ്ഥാപനങ്ങൾ

152 (5082) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :



LIBRARY ARCHIVES Kerala Legislative Assembly